പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4771 — 28.06.2013 - ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്ക് നൽകുന്ന സാമ്പത്തിക സഹായം

ചോദ്യം
ശ്രീ. കെ. അജിത്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹിതർക്ക് നൽകിയിരുന്ന സാമ്പത്തിക സഹായം ഇപ്പോഴും നൽകുന്നുണ്ടോ; വെളിപ്പെടുത്തുമോ ; | (എ) | പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹദമ്പതികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ഇപ്പോഴും ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക സഹായം ഇപ്പോൾ എത്ര രൂപയാണ് ; വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ 30,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. |
| (സി) | ഏതു വർഷം വരെയുള്ള അപേക്ഷകർക്കാണ് ഇതുവരെ സാമ്പത്തിക സഹായം നൽകിയിട്ടുള്ളത് ; | (സി) | 2010-11 സാമ്പത്തിക വർഷം വരെയുള്ള ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പരിധിയിലുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലുള്ള 2011-12 വർഷത്തെ ചില അപേക്ഷകർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക സഹായത്തിനായുള്ള എത്ര അപേക്ഷകളാണ് തീരുമാനം എടുക്കാനുള്ളത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (ഡി) | 2012-13 സാമ്പത്തിക വർഷം വരെ കിട്ടിയ സാധുവായ അപേക്ഷകളിൽ ചുവടെ ജില്ല തിരിച്ച് ചേർത്തിരിക്കുന്ന പ്രകാരം ധനസഹായ വിതരണത്തിന് തീരുമാനമെടുക്കാനുണ്ട്. |

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 12 |
| കൊല്ലം | 01 |
| പത്തനംതിട്ട | 10 |
| ഇടുക്കി | 12 |
| ആലപ്പുഴ | 37 |
| എറണാകുളം | 17 |
| കോട്ടയം | 03 |
| തൃശ്ശൂർ | 02 |
| പാലക്കാട് | 01 |
| വയനാട് | 08 |
| കോഴിക്കോട് | 07 |

| | | | |
|---|---|---|---|
| | | | മലപ്പുറം 05<br>കണ്ണൂർ 09<br>കാസർഗോഡ് 01 |
| (ഇ) | പ്രസ്തുത സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷകൾക്കുള്ള മാനദണ്ഡം എന്താണ് ; വ്യക്തമാക്കുമോ ; | (ഇ) യും (എഫ്) ഉം | പട്ടികജാതി / പട്ടികവർഗ്ഗത്തിൽ പ്പെടാത്ത മിശ്രവിവാഹദമ്പതികൾക്കാണ് സാമൂഹ്യനീതി വകുപ്പ് വഴി ധനസഹായം നൽകി വരുന്നത്. വാർഷിക കുടുംബ വരുമാന പരിധി 22,000/- രൂപയാണ്. അപേക്ഷാഫാറം പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതം വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ അല്ലെങ്കിൽ ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ വ്യക്തമായ കാരണങ്ങളുണ്ടെങ്കിൽ മൂന്നു വർഷം വരെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. |
| (എഫ്) | വിവാഹത്തിനുശേഷം എത്ര വർഷത്തിനുള്ളിലാണ് അപേക്ഷിക്കേണ്ടത് ; അപേക്ഷ നൽകാൻ താമസിച്ചവർക്ക് വീണ്ടും അപേക്ഷ നൽകാനുള്ള അവസരം നൽകുമോ? | | |

R. Vijayan

സെക്ഷൻ ഓഫീസർ